# നിലമ്പൂരിലെ കുഴൽപ്പണ കവർച്ച; ഒളിവിലായിരുന്ന മുഖ്യപ്രതി ഒന്നേകാൽ വർഷത്തിനു ശേഷം പിടിയിൽ

നിലമ്പൂർ: കുഴൽപണ കവർച്ചാ കേസില് ഒളിവിലായിരുന്ന മുഖ്യപ്രതി ഒന്നേകാല് വർഷത്തിനു ശേഷം പൊലിസിന്റെ പിടിയിലായി. തിരുവനന്തപുരം വള്ളക്കടവ് സുലൈമാൻ സ്ട്രീറ്റിലെ പുതുവൽ പുത്തൻവീട്ടില് ഷാജഹാനെ (പൊക്കം ഷാജഹാൻ-34) നിലമ്പൂർ സി.ഐ കെഎം ദേവസ്യയും സംഘവും അറസ്റ്റ് ചെയ്തു. 2016 ജനുവരി നാലിനാണ് കേസിനാസ്പദമായ സംഭവം. നിലമ്പൂർ കോടതിപ്പടിയില് ഉച്ചയ്ക്ക് ഒരുമണിയോടെ പൂക്കോട്ടൂര് വള്ളുവമ്പ്രം മാണിപറമ്പ് സ്വദേശി ചേങ്ങോടൻ ഷൗക്കത്തലിയെ കാറിലെത്തി അഞ്ചംഗ സംഘം അടിച്ചുവീഴ്ത്തി 31,5000 രൂപ തട്ടിയെടുത്ത കേസിലെ മുഖ്യപ്രതിയാണിയാളെന്ന് പൊലിസ് പറഞ്ഞു. കേസിൽ മറ്റു പ്രതികളായ ഉപ്പട ശഫീക്ക് (മുത്തു), സഹോദരൻ ഷാഹിര് (സഹർ) എന്നിവ നേരത്തെ അറസ്റ്റിലായിരുന്നു. ഇവരുടെ ബന്ധുകൂടിയാണ് പിടിയിലായ ഷാജഹാൻ. കുഴൽ പണ ഏജന്റായ ഷൗക്കത്തലി നിലമ്പൂരിലെ വിജയൻ എന്നയാൾക്ക് നൽകാനായി കയ്യിലുള്ള സൗദി മൊബൈൽ നമ്പറിലേക്ക് വിളിച്ചപ്പോള് കോടതിപ്പടി കൊളക്കണ്ടം റോഡില് എത്താനാവശ്യപ്പെട്ടു. ഇതുപ്രകാരം സ്ഥലത്തെത്തിയപ്പോൾ സ്കൂട്ടറിലെത്തിയ ശഫീക്കും, ഷാഹിറും വിജനമായ സ്ഥലത്ത് വിദേശത്തു നിന്നുള്ള പണം കൈമാറുന്നതിനിടെ കാറിലെത്തിയ സംഘം വാൾ കാണിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ചാണ് പണം കവർന്നത്. ഇതിനിടെ സ്കൂട്ടറിലെത്തിയവര് രക്ഷപ്പെടുകയും ചെയ്തു.

കാറിന്റെ നമ്പർ ചുറ്റിപറ്റിയുള്ള അന്വേഷണത്തില് വാഹനം മഞ്ചേരി സ്വദേശിയില് നിന്നും ഷാഹിർ വാടകക്കെടുത്തതാണെന്ന് കണ്ടെത്തി. സൈബർ സെല്ലിന്റെ സഹായത്തോടെ ഷാഹിറിന്റെ മൊബൈൽ നമ്പര് വച്ച് നടത്തിയ അന്വേഷണത്തിലാണ് ഇവരുടെ പങ്ക് തെളിഞ്ഞത്. ഇവരുടെ മൊഴിയുടെ അടിസ്ഥാനത്തിലാണ് ഷാജഹാനാണ് മുഖ്യ സൂത്രധാരൻ എന്ന് പൊലിസ് കണ്ടെത്തിയത്. കൃത്യം നടത്തുന്നതിന് മുൻപ് ഷാജഹാനും തിരുവനന്തപുരം സ്വദേശികളായ രണ്ടു സുഹൃത്തുക്കളും കോടാലിപ്പൊയിലില് താമസിച്ചിരുന്നതായും ശഫീക്കും, ഷാഹിറും ഇവർക്ക് വേണ്ട ഒത്താശകള് ചെയ്തുകൊടുക്കുന്നതായും തെളിഞ്ഞു. ഒളിവിൽ താമസിച്ചുവരികയായിരുന്ന ഷാജഹാൻ നിരവധി കേസുകളില് പ്രതിയാണെന്നും പൊലിസ് പറഞ്ഞു.

2004 ൽ അടിപിടി കേസില് വലിയ തുറ പൊലിസ് സ്റ്റേഷനില് കേസുണ്ട്. ബീമാപള്ളിയിൽ അതിക്രമിച്ചു കയറി സ്ത്രീകളെ ഉപദ്രവിച്ച കേസിൽ ജയില് ശിക്ഷയനുഭവിച്ചിട്ടുണ്ട്. ജയിലിൽ നിന്നും പരിചയപ്പെട്ട രാജേഷ് എന്ന സുഹൃത്തിനു വേണ്ടി 2008ൽ പൂവച്ചാലില് ജയകുമാര് എന്ന യുവാവിനെ കൊലപ്പെടുത്തിയ കേസിലും പ്രതിയാണ്. 2009ൽ തിരുവല്ലം എന്ന സ്ഥലത്ത് ബൈക്ക് യാത്രികനെ അക്രമിച്ച 21ലക്ഷം കൊള്ളയടിച്ച കേസിലും 2014ൽ കരമനയില് സിനിമാ നടിയുടെ വീട്ടിൽ കയറി ലക്ഷങ്ങള് കവർന്ന കേസിലും പ്രതിയാണ്. ബംഗളൂരു അശോക നഗറിൽ മലയാളികളുടെ ഫ്ളാറ്റില് കയറി കൊള്ളയടിച്ച കേസില് ജയില് ശിക്ഷയനുഭവിച്ചിട്ടുണ്ട്. കേസുകളെല്ലാം കോടതിയിൽ നടന്നുവരുന്നതിനിടെയാണ് നിലമ്പൂരില് കൃത്യം നടത്തിയത്. പാസ്പോർട്ടില് വ്യാജ വിലാസം കാണിച്ച് വിദേശ രാജ്യങ്ങളിലും സന്ദർശനം നടത്തിയിട്ടുണ്ട്. ഖത്തറിൽ നിന്നും നാട്ടിലേക്ക് മടങ്ങുന്നതിനിടെ ജില്ലാ പൊലിസ് മേധാവി ദേബേഷ്കുമാര് ബെഹ്റക്ക് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തില് നെടുമ്പാശ്ശേരി എയർപോർട്ടില് വച്ചാണ് ബുധനാഴ്ച പുലർച്ചെ ഇയാള് പൊലിസിന്റെ പിടിയിലായത്. പാസ്പോർട്ടും വ്യാജ വിലാസത്തില് സംഘടിപ്പിച്ചതാണെന്ന് കണ്ടെത്തി. കൊള്ളയടിക്കുന്ന പണം ഉപയോഗിച്ച് ആഡംബര ജീവിതം നയിക്കുകയാണ് പതിവ്. തിരുവനന്തപുരത്തെ കൂട്ടാളികളെ കുറിച്ചും വിവരം ലഭിച്ചിട്ടുണ്ട്.

സി.ഐക്കു പുറമെ പ്രത്യേക അന്വേഷണ സംഘത്തിലെ എം. അസൈനാർ, എൻ.പി സുനിൽ, സലീൽ ബാബു, ജോൺ വർഗീസ്, ബഷീർ അഹമ്മദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. നിലമ്പൂർ കോടതി റിമാൻഡ് ചെയ്തു.